Kudumbashree
State Poverty Eradication Mission
Local Self Govt.Department, Govt.of Kerala

**10893- M-2016-KSHO** **01...12..2017**

പ്രേഷക

ഡയറക്ടർ (എ&എഫ്)
കുടുംബശ്രീ.

ഗ്രാഹകൻ

എല്ലാ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും

സർ,

വിഷയം: കുടുംബശ്രീ – ഓൺലൈൻ മാർക്കറ്റിംഗ് – സംബന്ധിച്ച്.

സൂചന: 21/11/2017 –ലെ ഈ ഓഫീസിലെ ഇതേ നമ്പർ പരിപത്രം

സൂചന പ്രകാരം ജില്ലകൾ ഓൺലൈൻ മാർക്കറ്റിംഗിന് അനുയോജ്യമായ കുടുംബശ്രീ ഉൽപന്നങ്ങളുടെ ഫോട്ടോ എടുത്ത്, സിഡി സംസ്ഥാന മിഷന് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ഉൽപന്നങ്ങളെ തെരഞ്ഞെടുക്കുമ്പോൾ താഴെപറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

1. നിലവിൽ ജില്ലയിലെ സംരംഭങ്ങളിൽ നിന്ന് മികച്ച നിലവാരം പുലർത്തി വരുന്ന സംരംഭങ്ങളെയാണ് തെരഞ്ഞെടുക്കേണ്ടത്. ഉദാ:– കുടുംബശ്രീ സംരംഭമായി രജിസ്റ്റർ ചെയ്തിട്ടുള്ളവ, സ്ഥിരമായി ഉൽപാദനം നടത്തുന്നവ, നിയമപരമായ നിബന്ധനകൾ പാലിക്കുന്നവ, കുടുംബശ്രീ മുദ്രയുള്ളതും ഉൽപന്നത്തിന്റെ ഗുണനിലവാരം കാത്തു സൂക്ഷിക്കുന്ന വിധത്തിലുള്ള പായ്ക്കിംഗ് ഉള്ളവയുമായ സംരംഭങ്ങൾ, സ്വതന്ത്രമായി ഓർഡറുകൾ അനുസരിച്ച് ഉൽപന്നങ്ങൾ പായ്ക്കുചെയ്ത് അയക്കുവാൻ കഴിവുള്ളവർ, ഓർഡർ ലഭിച്ചാൽ വിശ്വസ്തതയോടെ ഉൽപന്നങ്ങൾ ആവശ്യക്കാർക്ക് അയക്കുമെന്ന് ജില്ലാമിഷന് ഉറപ്പുള്ളവർ

2. സംരംഭങ്ങളുടെ നിലവിലുള്ള ഉൽപാദന ശേഷി, ഗുണനിലവാരം, രജിസ്ട്രേഷൻ മുതലായവ പരിശോധിച്ച് സിഡിഎസ് ചെയർപേഴ്സൺ ഈ സംരംഭത്തെ ശുപാർശ ചെയ്യേണ്ടതും ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ മിഷൻ പ്രസ്തുത സംരംഭത്തെ ഓൺലൈൻ മാർക്കറ്റിംഗിനായി തിരഞ്ഞെടുക്കേണ്ടതുമാണ്.

3. ഉൽപന്നങ്ങളുടെ ഫോട്ടോ ഉൾപ്പെട്ട സിഡി സംസ്ഥാന മിഷന് നൽകുമ്പോൾ ഉൽപന്നങ്ങളുടെയും സംരംഭങ്ങളുടെയും പൂർണമായ വിവരങ്ങൾ

ഉൾപ്പെടുത്തിയിരിക്കണം. (ഉൽപന്നത്തിന്റെ പേര്, സംരംഭത്തിന്റെ പേര്, വില, പ്രത്യേകതകൾ, സവിശേഷതകൾ, ഉൽപന്നത്തിലുള്ള ഘടകങ്ങൾ, ഉൽപന്നത്തെ പറ്റിയുള്ള ലഘുവിവരണം, ഏതൊക്കെ അളവിൽ ലഭ്യമാണ് തുടങ്ങിയ വിവരങ്ങൾ)

4. ജില്ലയിലെ ഈ നിബന്ധനകൾ പാലിക്കുന്ന യൂണിറ്റുകളെയും / ഉൽപന്ന ങ്ങളേയും ആണ് ഓൺലൈൻ വിപണനത്തിന്റെ ഭാഗമാക്കുവാനായി സംസ്ഥാനമിഷന് ശുപാർശ നൽകേണ്ടത്. (മുൻകൂറായി സംസ്ഥാന മിഷന് കൈമാറിയ ഉത്പന്നങ്ങൾ ഉൾപ്പെടെ).

ഓൺലൈൻ വിപണനത്തിന്റെ സാധ്യതയും അനിവാര്യതയും മനസ്സിലാക്കി മുകളിൽ സൂചിപ്പിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായും ഗുണനിലവാര ത്തോടു കൂടിയും പൂർത്തീകരിക്കുവാൻ അഭ്യർത്ഥിക്കുന്നു. ഡിസംബർ 15 ന് മുമ്പായി ഉൽപന്നങ്ങളുടെ ഫോട്ടോകളും മറ്റ് വിവരങ്ങളും സംസ്ഥാനമിഷനിൽ നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
ഡയറക്ടർ (എ&എഫ്)
കുടുംബശ്രീ

അംഗീകാരത്തോടെ,

ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ (എൽ)